(സി) ഇതിനായി സോഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. വിവിധ വകുപ്പുകളുടെ ശരിയായ കൂട്ടായ്മയും വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സമഗ്രമായ ഏകോപനത്തിനും, സമയബന്ധിതമായും പ്രത്യേക ദൗത്യ രീതിയിൽ പ്രവർത്തിക്കുന്നതിനുംവേണ്ടി സമഗ്ര ഭവന പുനരധിവാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന്റെയും പദ്ധതി നടപ്പാക്കുന്നതിന്റെയും ചുമതല നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് സർക്കാരിന്റെ അധീനതയിലുള്ള ഒരു പബ്ലിക് കമ്പനി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ധനകാര്യ നിയമ ഭവന വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി, പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, വനം, കായികം വകുപ്പുമന്ത്രി, പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി, ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പശ്ചാത്തല വിവരണ റിപ്പോർട്ട് പ്രസ്തുത ഉപസമിതി പരിശോധിച്ചുവരുന്നു.

കട്ടനാട്ടിലെ ഗൃഹശ്രീ പദ്ധതി

207 (2445) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകളാണ് ലഭ്യമായതെന്ന് ഗുണഭോക്താക്കളുടെ പേരുസഹിതം വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഗൃഹശ്രീ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(സി) ശ്രീ. മണിക്കുട്ടൻ എം. ബി., മന്നത്തു വീട്, കന്നുമ്മ ഈസ്റ്റ് കാവാലം പി. ഒ. കുട്ടനാട് എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്ന് കാരുണ്യവാന്മാരായ വ്യക്തികളിൽ നിന്ന് 9-ഉം, സർക്കാർ ഇതര സംഘടനകളിൽ നിന്നും 9-ഉം അടക്കം ആകെ 18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാനം വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) ശ്രീ. മണിക്കുട്ടൻ എം. ബി. മന്നത്തുവീട്, കുന്നുമ്മ ഈസ്റ്റ് കാവാലം പി. ഒ. കുട്ടനാട് എന്ന വ്യക്തിക്കുവേണ്ടി ശ്രീ. കെ. കെ. അരവിന്ദാക്ഷൻ സ്പോൺസറായി നൽകിയ അപേക്ഷ 24-11-2014 ലാണ് ബോർഡിന് ലഭിച്ചിട്ടുള്ളത്. ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക ബോർഡിന് ലഭ്യമാക്കുന്ന മുറയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകൾ പരിഗണനയ്ക്ക് വിധേയമാക്കുന്നതാണ്.

ചാലക്കുടിയിൽ വ്യാപാര സമുച്ചയം

208 (2446) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly